(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദേശ വിപണി തേടി കയർഫെഡിൽനിന്നും എത്ര പ്രതിനിധിസംഘങ്ങൾ എത്ര വിദേശ യാത്രകൾ നടത്തിയിട്ടുണ്ട്;

(ബി) ഈ സംഘത്തിൽ ആരെല്ലാമുണ്ടായിരുന്നു;

(സി) അവർ ഏതൊക്കെ രാജ്യങ്ങൾ സന്ദർശിച്ചു;

(ഡി) ഇവരുടെ വിദേശയാത്രകൾമൂലം കയർഫെഡിനുണ്ടായ നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ;

(ഇ) ഇവരുടെ യാത്രയ്ക്ക് എന്തു തുക ചെലവായി; എത്ര ദിവസം ഇവർ വിദേശത്ത് ചെലവഴിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദേശ വിപണി തേടി ഏഴ് പ്രതിനിധി സംഘങ്ങൾ ഏഴ് വിദേശയാത്രകൾ നടത്തിയിട്ടുണ്ട്.

(ബി) കയർഫെഡ് പ്രസിഡന്റ്, മാനേജിംഗ് ഡയറക്ടർ എന്നിവർ അടങ്ങിയ ആറ് പ്രതിനിധിസംഘവും കയർഫെഡ് വൈസ്പ്രസിഡന്റ്, മാർക്കറ്റിംഗ് മാനേജർ എന്നിവർ അടങ്ങിയ ഒരു പ്രതിനിധിസംഘവുമാണ് വിദേശ യാത്ര നടത്തിയത്.

(സി) അമേരിക്ക, ജർമ്മനി, ഇറ്റലി, ഫ്രാൻസിസ്, ഹോങ്കോംഗ്, സൗദി അറേബ്യ, യു.എ.ഇ. എന്നീ രാജ്യങ്ങളാണ് കയർഫെഡ് പ്രതിനിധി സംഘങ്ങൾ സന്ദർശിച്ചത്.

(ഡി) കയർഫെഡ് പ്രതിനിധിസംഘങ്ങളുടെ വിദേശയാത്രകൾ മുഖേന കയർഫെഡിന് വിദേശവ്യാപാരം പുനരാരംഭിക്കുന്നതിനും 144.69 ലക്ഷം രൂപയുടെ കയറുൽപ്പന്നങ്ങൾ കയറ്റുമതി നടത്തുവാനും സാധിച്ചു. കൂടാതെ വിദേശ വിപണിയിൽ വിറ്റഴിക്കുന്ന കയർ ഉൽപ്പന്നങ്ങളെപറ്റി നേരിട്ടു മനസ്സിലാക്കുവാനും ഉപഭോക്താക്കളുമായി നേരിട്ടു ചർച്ച നടത്തുവാനും കഴിഞ്ഞിട്ടുണ്ട്.

(ഇ) ഇവരുടെ വിദേശയാത്രയ്ക്ക് 15.39 ലക്ഷം രൂപ ചെലവായി. ഓരോ യാത്രയിലും അവർ ശരാശരി ഏഴുദിവസം വീതം വിദേശത്ത് ചെലവഴിച്ചു.

282 (1461) ഖാദി തൊഴിലാളിക്ഷേമനിധി ബോർഡിലെ സർക്കാർ വിഹിതം

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ വിഹിതമായി ഇതേവരെ എത്ര സംഖ്യ നൽകിയിട്ടുണ്ട്;

(ബി) ഓരോ വർഷവും നൽകിയ സംഖ്യ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) സർക്കാർ വിഹിതമായ എത്ര സംഖ്യ നൽകാൻ ബാക്കിയുണ്ട്;

(ഡി) ഈ വർഷം ഈ ഇനത്തിൽ എത്ര സംഖ്യ നൽകാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് സർക്കാർ വിഹിതമായി നാളിതുവരെ 1,84,86,767/- രൂപ നൽകിയിട്ടുണ്ട്.

(ബി) ബോർഡ് 5.4.90-ൽ നിലവിൽ വന്നശേഷം ഓരോ വർഷവും നൽകിയ സംഖ്യ ചുവടെ ചേർത്തിരിക്കുന്നു.

1990-91	-	10,00,000
1991-92	-	തുക ലഭിച്ചില്ല
1992-93	-	തുക ലഭിച്ചില്ല
1993-94	-	69,00,000/-
1994-95	-	4,24,000/-
1995-96	-	77,84,213/-
1996-97	-	23,78,554/-
1997-98	-	1000 (ടോക്കൺ)
1998-99	-	1000 (ടോക്കൺ)
1999-2000	-	1000 ടോക്കൺ

(സി) മുൻവർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ 2,44,98,044/- രൂപ (രണ്ടു കോടി നാൽപ്പത്തിനാലു ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി നാൽപ്പത്തിനാലു രൂപ) അംശദായ ഇനത്തിൽ ബോർഡിനു സർക്കാർ നൽകാനുണ്ട്.

(ഡി) 1000 രൂപ ടോക്കൺ പ്രൊവിഷനായി വകകൊള്ളിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തുക നൽകുന്നതാണ്.

283 (1462) കൈത്തറി മേഖലയിലെ പ്രതിസന്ധി നേരിടുന്നതിനുള്ള നടപടി

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കൈത്തറി മേഖല എന്തെങ്കിലും പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാം;

(ബി) കൈത്തറി മേഖലയുടെ പ്രോത്സാഹനത്തിന് സംസ്ഥാന ഗവൺമെന്റ് സ്വന്തമായി വിദേശ വിപണികളിൽ ഇടപെടുന്നുണ്ടോ;

(സി) കേരളത്തിലും ഇന്ത്യയിലും കൈത്തറി ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) സംസ്ഥാനത്ത് കൈത്തറി ഉൽപ്പന്നങ്ങളുടെ വിൽപ്പന എങ്ങനെയെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ഇ) കൈത്തറി സഹകരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകേണ്ട കുടിശ്ശിക നൽകാത്തതിന്റെ ഫലമായി പ്രതിസന്ധിയിൽ അകപ്പെടുന്നവരെ രക്ഷപ്പെടുത്താൻ അടിയന്തിരമായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly